## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.366 17.10.2011 ൽ മറുപടിക്ക്.**

## ഡോക്ടർമാരുടെ സമരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.എൻ.എ. ഖാദർ<br>,, സി. മമ്മൂട്ടി<br>,, എൻ.എ. നെല്ലിക്കുന്ന്<br>,, റ്റി.എ. അഹമ്മദ് കബീർ | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| **എ)** സർക്കാർ ഡോക്ടർമാരുടെ ആവർത്തിച്ചുള്ള സമരംമൂലം ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ; | **എ)** ആശുപത്രി പ്രവർത്തനങ്ങൾ തടസ്സപ്പെടുത്തുന്ന തരത്തിൽ ഡോക്ടർമാരുടെ സമരങ്ങൾ ഉണ്ടാകുമ്പോൾ പ്രധാന ആശുപത്രികളിൽ എൻ.ആർ.എച്ച്.എം. ഡോക്ടർമാരുടേയും സി.ആർ.എസ് ഡോക്ടർമാരുടേയും താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്ന മറ്റ് ഡോക്ടർമാരുടേയും സേവനം പ്രയോജനപ്പെടുത്തി കാഷ്വാൽറ്റിയും, ആശുപത്രിയിൽ കിടത്തി ചികിൽസ എടുക്കുന്ന രോഗികളുടെ പരിചരണവും, സാധ്യമാകുന്ന രീതിയിലുള്ള ഒ.പി. സേവനങ്ങളും ലഭ്യമാക്കാറുണ്ട്. ചില അവസരങ്ങളിൽ മെഡിക്കൽ കോളേജിലെ ഹൗസ് സർജൻമാരുടേയും, പി.ജി. ഡോക്ടർമാരുടേയും സേവനം ലഭ്യമാക്കാറുണ്ട്. |
| **ബി)** സ്വകാര്യമേഖലയെ സഹായിക്കാനാണ് സർക്കാർ ഡോക്ടർമാർ സമരങ്ങൾ സംഘടിപ്പിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **ബി) & സി)** ഇല്ല. |
| **സി)** എങ്കിൽ ജനവിരുദ്ധമായ ഇത്തരം സമരങ്ങൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുമോ; | |

| | |
|---|---|
| **ഡി)**സർവ്വീസിൽ പ്രവേശിക്കുന്ന ഒരു സർക്കാർ ഡോക്ടർക്ക് ഇപ്പോൾ അലവൻസുകളുൾപ്പെടെ ലഭിക്കുന്ന പ്രതിമാസ ശമ്പളം എത്രയാണ്; | **ഡി)**സർവ്വീസിൽ പ്രവേശിക്കുന്ന ആരോഗ്യ വകുപ്പിലെ ഡോക്ടർക്ക് നിലവിൽ അലവൻസുകളുൾപ്പെടെ പ്രതിമാസം 36,460/- രൂപയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർക്ക് 37,046/- രൂപയും ആയുർവേദ, ഹോമിയോ ഡോക്ടർമാർക്ക് 28,468/- രൂപ വീതവും ലഭിക്കുന്നുണ്ട്. |
| **ഇ)**സർക്കാർ മെഡിക്കൽ കോളേജിൽ എം.ബി.ബി.എസ് പഠനം പൂർത്തിയാക്കുന്നതിന് ശരാശരി എത്ര തുക ചെലവാകും; | **ഇ)**ഏകദേശം 25 ലക്ഷം രൂപ ചെലവാകും. |
| **എഫ്)**കേരളത്തിലെ പ്രതിശീർഷ വരുമാനത്തിന്റെയും ജീവിത ചെലവിന്റെയും അടിസ്ഥാനത്തിൽ ഡോക്ടർമാരുടെ മിനിമം ശമ്പളം കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | **എഫ്)**ഇല്ല. ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. |

**സെക്ഷൻ ഓഫീസർ**